**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3344**
**14.07.2015-ാം തീയതിയിലെ മറുപടിയ്ക്ക്**
**സെക്കൻറ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരമുള്ള വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ. ഖാദർ** | **ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വായ്പയെടുത്തവർക്ക് സെക്കൻറ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പയെടുക്കുന്നതിന് അനുമതി നല്കിയിട്ടുള്ളത് ; | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വായ്പയെടുത്തവർക്ക് സെക്കൻറ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് 31.07.1991 ലെ സ.ഉ (പി) നം. 436/91/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട് :<br>1. സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ.<br>2. ഭവന വായ്പ അനുവദിക്കുന്നതിലേക്കായി സംസ്ഥാന സർക്കാരുകൾ രൂപീകരിച്ചിട്ടുള്ള ധന കാര്യ കോർപ്പറേഷനുകൾ.<br>3. ഭവന നിർമ്മാണ സഹകരണ അപ്പെക്സ് ധനകാര്യ സ്ഥാപനങ്ങൾ.<br>4. ഹൗസിംഗ് ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് മാതൃകയിൽ താമസ ത്തിനായി ഇന്ത്യയിൽ വീട്ടു നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ ദീർഘകാല ധനസഹായം നൽകുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ളതും ഇന്ത്യ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പൊതുമേഖലാ കമ്പനികൾ. |
| (ബി) സംസ്ഥാനത്തെ പല ദേശസാൽകൃത ബാങ്കുകളും ഈ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്നതിന് തയ്യാറാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (സി) സർക്കാർ ഉത്തരവ് പ്രകാരമുള്ള സെക്കൻറ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ബാങ്കുകൾ വായ്പ നിഷേധിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ? | സർക്കാർ ഉത്തരവ് പ്രകാരമുള്ള സെക്കൻറ് മോർട്ട്ഗേജ് വ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ബാങ്കുകൾ വായ്പ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 31.05.2014 ലെ സർക്കുലർ നം. 52/2014/ധന. പ്രകാരം എസ്.ബി.ഐ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**